# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1290 01.07.2015 ലെ മറുപടിയ്ക്ക്

## കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏല്പിക്കുന്ന പി.ഡബ്ല്യൂ.ഡി. ജോലികൾ

| **ചോദ്യം** | | | **ഉത്തരം** |
|---|---|---|---|
| ശ്രീ.പി.സി.ജോർജ് | | | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ജോലികൾ ഏറ്റെടുത്ത് നടത്തുന്നുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡം വിശദമാക്കുമോ; | (എ) | ഉണ്ട്. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സർക്കാരിന്റെ ടെണ്ടറുകളിൽ പങ്കെടുക്കുവാൻ പ്രീക്വാളിഫൈ ചെയ്തിട്ടുണ്ട്. 18.08.1998 ലെ സർക്കാർ ഉത്തരവ് പ്രകാരം ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 'എ' ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമേ, മറ്റ് കരാറുകാരിൽനിന്നും 10% അധിക നിരക്കിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടർ സമർപ്പിച്ചാൽ പ്രസ്തുത കരാർ പരിഗണിക്കാനും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ 13.01.2015 മുതൽ ഈ ആനുകൂല്യം നിർത്തൽ ചെയ്തു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കോർപ്പറേഷന് എത്ര രൂപയുടെ ജോലികൾ പി.ഡബ്ല്യൂ.ഡി. നൽകിയിട്ടുണ്ട്; ഇവ ഏതൊക്കെയെന്നും എവിടെയൊക്കെയെന്നും ഓരോന്നും എത്ര രൂപയുടെ വീതം ജോലിയാണെന്നും നിയോജക മണ്ഡലം തിരിച്ച് വിശദമാക്കുമോ; | (ബി) & (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ടെണ്ടർ ചെയ്യാതെ പ്രസ്തുത കോർപ്പറേഷന് നൽകിയിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെ; ഓരോന്നിന്റെയും വിശദാംശങ്ങളും തുകയും നിയോജകമണ്ഡലം ഏതെന്നും വിശദമാക്കുമോ; | | |

| | |
|---|---|
| (ഡി) ടെണ്ടർ ചെയ്യാതെ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന് പ്രവൃത്തികൾ കൊടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (ഡി) ടെണ്ടറുകളിൽ കരാറുകാർ പങ്കെടുക്കാത്ത കേസുകളിലും, പ്രവർത്തികളുടെ സമയ ബന്ധിതമായ പൂർത്തീകരണം കണക്കിലെടുത്തും സർക്കാർ നേരിട്ട് കൺസ്ട്രക്ഷൻ കോർപ്പറേഷനെ വർക്കുകൾ ഏല്പിക്കാറുണ്ട്. ഇത്തരം വർക്കുകൾ കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ 07.09. 2007 ലെ ജി.ഒ.(പി) നമ്പർ 408/2007/ഫിൻ പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ് ചെയ്യുന്നത്. വർക്ക് ടെണ്ടർ ചെയ്യാത്ത പക്ഷം എസ്റ്റിമേറ്റ് നിരക്കിലും കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് ഒഴിവാക്കിയുമാണ് പ്രവർത്തി ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ